7.	എറണാകുളം	..	567.84	എം.സി.എം.
8.	തൃശ്ശൂർ	..	707.8	..
9.	പാലക്കാട്	..	750.0	..
10.	മലപ്പുറം	..	507.63	..
11.	കോഴിക്കോട്	..	344.81	..
12.	വയനാട്	..	291.95	..
13.	കണ്ണൂർ	..	540.67	..
14.	കാസർഗോഡ്	..	343.54	..

ശരാശരി ഭൂജലനിരപ്പ് ഭൂപ്രകൃതിയും ഭൂഘടനയും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

(1) തീരദേശം : ഒരുമീറ്റർ മുതൽ 6 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(2) ഇടനാട് - മലനാട് :

(എ) പാറപ്രദേശങ്ങൾ : 3-16 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(ബി) വെട്ടുകല്ല് : 1-25 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(3) ഇടനാട്ടിലെ കുഴൽക്കിണറുകൾ : 5-40 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(സി) ഉണ്ട്.

(ഡി) ഇല്ല. കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്നാണ് സംസ്ഥാനത്തെ ഭൂജല ലഭ്യതയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുള്ളത്.

(ഇ) ബാധകമല്ല.

ഗുരുവായൂരിലേക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതി

74 [1011] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിൽനിന്നും ഗുരുവായൂരിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗുരുവായൂരിൽ ശുദ്ധജലം എത്തിക്കുന്നത് കരുവന്നൂർ പുഴയിൽനിന്നുമാണ്. ഇതിന്റെ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. പദ്ധതിയുടെ ശുദ്ധീകരണശാലയുടെ ടെണ്ടർ, മറ്റു ഘടകങ്ങളുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് രണ്ടു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ശുദ്ധജല വിതരണ പദ്ധതി

75 [1012] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയും സമീപത്തെ 9 വില്ലേജുകളും ചേർന്നുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി നാളിതുവരെ എന്തു തുക ചെലവാക്കിയെന്നും ഏതൊക്കെ സ്രോതസ്സിൽനിന്നാണ് ഈ തുക ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പ്രാദേശിക ഭരണ സമിതികളിൽനിന്നും ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) പരിമിതമായ വിഭവങ്ങൾ കൊണ്ടുമാത്രം പ്രവർത്തിക്കുന്ന പ്രാദേശിക ഭരണ സമിതികൾക്ക് ഗുണഭോക്തൃ വിഹിതമായി തുക കണ്ടെത്താൻ പ്രയാസമാണെന്നകാര്യം പരിഗണിച്ച് പ്രസ്തുത വിഹിതം സർക്കാർ തന്നെ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇല്ലെങ്കിൽ എ.യു.ഡബ്ല്യു.എസ്.പി.-യിൽനിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി പദ്ധതിക്കുള്ള ഭരണസാങ്കേതിക അനുമതികൾ നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി 7511.84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം 1999-ൽ ആരംഭിച്ചു. ലാന്റ് അക്വിസിഷൻ, ഇൻടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ഏകദേശം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly